**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1667** **02-02-2024 - ൽ മറുപടിയ്ക്ക്**

**റബ്ബർ കർഷകരെ സഹായിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | റബറിന്റെ വിലത്തകർച്ച മൂലം റബർ കർഷകർ സാമ്പത്തിക പ്രതിസന്ധിയിലാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കർഷകരെ സഹായിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനും റബ്ബറിന് ന്യായവില ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് അതാത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തി നല്കുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ അർഹമായ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവിന് രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നല്കുന്നു. 2021 ഏപ്രിൽ ഒന്ന് മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് കിലോഗ്രാമിന് 150 എന്നത് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നല്കുന്നത്. 5 ഹെക്ടറിന് താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനാണ് സബ്സിഡി നല്കുന്നത്. നടപ്പ സാമ്പത്തിക വർഷത്തിൽ (2023-24) 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ 161.52 കോടി രൂപ ഇതിനോടകം കർഷകർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | സ്വാഭാവിക റബറിന് കിലോഗ്രാമിന് ഇരുന്നൂറ്റി അൻപതു രൂപ ലഭ്യമാക്കും എന്ന തെരഞ്ഞെടുപ്പ് വാഗ്ദാനം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാനം നടപ്പിലാക്കുന്ന റബ്ബർ വിലസ്ഥിരതാ ഫണ്ട് 170/- രൂപയിൽ നിന്നും 250/-രൂപയായി ഉയർത്തുന്നതിന് കേന്ദ്രസഹായം കൂടി ആവശ്യപ്പെട്ടുകൊണ്ട് നിരവധി തവണ കേന്ദ്ര സർക്കാരിന് സമീപിച്ചിരുന്നുവെങ്കിലും നാളിതുവരെയായി അനുകൂലമായ മറുപടിയൊന്നും ലഭിച്ചിട്ടില്ല. |
| (സി) | രാജ്യത്തേക്കുള്ള സ്വാഭാവിക റബർ, കോമ്പൗണ്ട് | (സി) | സ്വാഭാവിക റബ്ബർ ഇറക്കുമതി 2021 - 22 വർഷം |

| | | | |
|---|---|---|---|
| | റബർ എന്നിവയുടെ കഴിഞ്ഞ രണ്ടു വർഷങ്ങളിലെ ഇറക്കുമതി സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; എങ്കിൽ അത് ലഭ്യമാക്കുമോ; ഇറക്കുമതി നിയന്ത്രിക്കണമെന്ന് കേന്ദ്രസർക്കാരിനോട് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | | 546369ടണ്ണും 2022 - 2023 വർഷം 528677 ടണ്ണും (പ്രൊവിഷണൽ കണക്ക്) കോമ്പൗണ്ടഡ് റബ്ബർ ഇറക്കുമതി 2021-22-ൽ 114638 ടണ്ണും 2022 -23-ൽ 137017 ടണ്ണും (പ്രൊവിഷണൽ കണക്ക്) ആണെന്ന് റബ്ബർ ബോർഡ് റിപ്പോർട്ടു ചെയ്തിട്ടുണ്ട്. |
| (ഡി) | ഇറക്കുമതി മൂലം വരുമാനനഷ്ടം, തൊഴിൽ നഷ്ടം ബന്ധപ്പെട്ട മേഖലയിൽ ഉണ്ടാകുന്ന ഗുരുതര പ്രതിസന്ധി എന്നിവ തരണം ചെയ്യുന്നതിന് വേൾഡ് ട്രേഡ് ഓർഗനൈസേഷൻ കരാറിലെ വ്യവസ്ഥ (ഗാട്ട് 1994, ആർട്ടിക്കിൾ 19:1(എ)) പ്രകാരം സംരക്ഷണ ചുങ്കം (സേഫ് ഗാർഡ് ഡ്യൂട്ടി) ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കുവാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ; | (ഡി) | ഇറക്കുമതി നിയന്ത്രിക്കണമെന്ന് കേന്ദ്രസർക്കാരിനോട് നിരന്തരം സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുകൂലമായ മറുപടിയൊന്നും ലഭ്യമായിട്ടില്ല. സംരക്ഷണ ചുങ്കം ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കണമെന്ന് വീണ്ടും കേന്ദ്രത്തോട് ആവശ്യപ്പെടുന്നതാണ്. |
| (ഇ) | കർഷകർക്ക് സബ്സിഡി ലഭ്യമാക്കാനായി ബില്ലുകൾ അപ്‌ലോഡ് ചെയ്യാനുള്ള വെബ്സൈറ്റ് പ്രവർത്തിക്കുന്നില്ല എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | ഉണ്ട്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പദ്ധതി നൽകിവരുന്ന പോർട്ടലിലെ സാങ്കേതിക തകരാർ കാരണമാണ് ഇടക്കാലത്ത് കർഷകർക്ക് ബില്ലുകൾ അപ് ലോഡ് ചെയ്യുവാൻ സാധിക്കാതെ വന്നത്. എന്നാൽ പ്രശ്നം പരിഹരിച്ച് ബില്ലുകൾ അപ് ലോഡ് ചെയ്യുന്നതിനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. |
| (എഫ്) | കഴിഞ്ഞ സാമ്പത്തിക വർഷം എത്ര സബ്സിഡി അപേക്ഷകൾ ലഭ്യമായിട്ടുണ്ട്; ഈ സാമ്പത്തിക വർഷം എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട്; വിശദമാക്കാമോ? | (എഫ്) | കഴിഞ്ഞ സാമ്പത്തിക വർഷം റബ്ബർ ബോർഡ് അംഗീകരിച്ച് സർക്കാരിലേക്ക് സമർപ്പിച്ച 2,28,697 ബില്ലുകളിന്മേൽ 58.11 കോടി രൂപ റബ്ബർ സബ്സിഡി ഇനത്തിൽ കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്.<br><br>നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ റബ്ബർ ബോർഡ് അംഗീകരിച്ച് സർക്കാരിലേക്ക് സമർപ്പിച്ച 5,33,838 ബില്ലുകളിന്മേൽ 161.52 കോടി രൂപ റബ്ബർ സബ്സിഡി ഇനത്തിൽ കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ